STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

## എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനം

## വിജ്ഞാപനം

**നം. എ1/4454/2022/സ്കോൾ-കേരള** **തീയതി : 23.01..2023**

കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരളയുടെ (സ്കോൾ-കേരള) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ ഒരൊഴിവിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| **തസ്തിക** | : | **എക്സിക്യൂട്ടീവ് ഡയറക്ടർ** |
| യോഗ്യത | : | (i) ഇൻഡ്യയിലെ ഏതെങ്കിലും UGC അംഗീകൃത സർവ്വകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ നേടിയ PhD<br>(ii) 10 വർഷത്തിൽ കുറയാത്ത അധ്യാപന പരിചയം<br>(iii) ഭരണനിർവ്വഹണ രംഗത്തുള്ള പ്രവൃത്തി പരിചയം അഭിലഷണീയം |
| പ്രായപരിധി | : | ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ 40 വയസ് പൂർത്തിയായിരിക്കണം. |
| നിയമന കാലയളവ് | : | നിയമന ഉത്തരവ് തീയതി മുതൽ നാല് വർഷം |
| നിയമന രീതി | : | യോഗ്യരായ അപേക്ഷകരിൽ നിന്നും അഭിമുഖം മുഖേന |

യോഗ്യരായ അപേക്ഷകർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, വിശദമായ ബയോഡേറ്റ, യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരളയുടെ (സ്കോൾ-കേരള), വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റായി അയയ്ക്കേണ്ടതാണ്. അപേക്ഷ secy.scole@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും അയയ്ക്കാവുന്നതാണ്. എന്നാൽ ആയതിന്റെ ഹാർഡ് കോപ്പി അപേക്ഷകൾ ലഭിക്കാൻ നിശ്ചയിച്ച അവസാന തീയതിക്കുംസമയത്തിനുമുള്ളിൽ മേൽപ്പറഞ്ഞ വിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കാനുള്ള അവസാന തീയതി 2023 ഫെബ്രുവരി 10 വൈകുന്നേരം 5 മണി ആയിരിക്കും. അപേക്ഷ അയക്കുന്ന കവറിന് പുറത്ത് എക്സിക്യൂട്ടീവ് ഡയറക്ടറുടെ തസ്തികയിലേക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത തീയതിക്കും സമയപരിധിക്കും ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA * SCOLE-KERALA * Vidhya Bhavan Poojappura Thiruvananthapurm 695012

ശ്രീകല ബി

സെക്രട്ടറി